**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1252** **18-01-2021 - ൽ മറുപടിയ്ക്ക്**

**വിഭിന്ന പരിമിതികളുള്ള കുട്ടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ .എൻ .എ. ഖാദർ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എൻ . ഷംസുദീൻ ,<br>ഡോ.എം.കെ . മുനീർ | | **Prof. C. Raveendranath**<br>**(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി)** | |
| (എ) | ഭിന്നശേഷികളുള്ള കുട്ടികൾ (എസ്.എൽ.ഡി.), ബൗദ്ധിക പരിമിതികളുള്ള കുട്ടികൾ(ഐ.ഡി.) എന്നിവരെ അവരുടെ പഠന പ്രവർത്തനങ്ങളിൽ സഹായിച്ച് മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് വിദ്യാഭ്യാസ വകുപ്പ് നൽകുന്ന പ്രത്യേക പരിഗണനകളും പ്രവർത്തനങ്ങളും വിശദമാക്കുമോ; | (എ) | പാഠഭാഗങ്ങൾ, പഠന പ്രക്രിയ, പഠനബോധന ഉപകരണങ്ങൾ, മൂല്യനിർണ്ണയം തുടങ്ങിയവ ഭിന്നശേഷി കുട്ടികൾക്കായി അനുയോജ്യമായ രീതിയിൽ തയ്യാറാക്കി നൽകി വരുന്നു. കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ ഭിന്നശേഷി കുട്ടികൾക്കായി പാഠഭാഗങ്ങളുടെ വീഡിയോകൾ പ്രത്യേകം തയ്യാറാക്കി White Board SSK എന്ന യൂട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്യുന്നു. ഇവ സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ നേതൃത്വത്തിൽ പ്രാദേശിക ഓൺലൈൻ കൂട്ടായ്മയിലൂടെ കുട്ടികളിൽ എത്തിക്കുന്നു. ബ്ലോക്ക് തലത്തിൽ കുട്ടികൾക്കായുള്ള മെഡിക്കൽ ക്യാമ്പുകൾ പൂർത്തിയാക്കി സഹായക ഉപകരണങ്ങൾ വിതരണം ചെയ്യാനുള്ള നടപടികൾ നടന്നു വരുന്നു. 168 ബി.ആർ.സി കളിൽ ഓട്ടിസം ബാധിച്ച കുട്ടികൾക്കായി തെറാപ്പി സേവനങ്ങൾ, രക്ഷിതാക്കൾക്കായുള്ള കൗൺസലിംഗ് എന്നിവ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി അമ്മമാർക്ക് വേണ്ടി തൊഴിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്. കിടപ്പിലായ കുട്ടികൾക്കായി ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നടത്തി വരുന്നു. വിവിധ ബി.ആർ.സി കളിലുള്ള ഭിന്നശേഷി കുട്ടികൾക്കായി അക്കാദമിക, സാംസ്കാരിക വിനിമയ പരിപാടിയായ 'ജാലകങ്ങൾക്കപ്പുറം' ടിന്നിംഗ് പ്രോഗ്രാം നടത്തി വരുന്നു. ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡേഴ്സ് അലവൻസ്, പെൺകുട്ടികൾക്കായുള്ള സ്റ്റൈപ്പൻഡ് എന്നിവ നൽകുന്നു. കിടപ്പിലായ കുട്ടികൾക്കായുള്ള വിദ്യാഭ്യാസത്തിനും സാമൂഹ്യവൽക്കരണത്തിനും സമപ്രായക്കാരെ ഉപയോഗിച്ച് 'ചങ്ങാതിക്കൂട്ടം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കുട്ടികൾ ഈ | (ബി) | പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളെ |

| | | | |
|---|---|---|---|
| | വിഭാഗത്തിൽപ്പെടുന്നവരാണെന്ന് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | | ഉൾപ്പെടുത്തി 168 ബി.ആർ.സി കളിലായി നടത്തുന്ന മെഡിക്കൽ ക്യാമ്പിൽ വിദഗ്ധരായ ഡോക്ടർമാർ, ടെക്നീഷ്യൻമാർ, പാരാ-മെഡിക്കൽ സ്റ്റാഫ് എന്നിവരുടെ നേതൃത്വത്തിൽ കുട്ടികളുടെ ഭിന്നശേഷി കണ്ടെത്തുന്നു. തുടർന്ന് സാധ്യമായ ബി.ആർ.സികളിൽ മെഡിക്കൽ ബോർഡ് കൂടി മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നു. മറ്റു ബി.ആർ.സി കളിൽ ആർ.പി ഡബ്ല്യു.ഡി ആക്ട്, 2016 പ്രകാരമുള്ള 21 കാറ്റഗറികളിലായി കണ്ടെത്തുന്ന കുട്ടികളെ അതത് പ്രദേശങ്ങളിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ നടക്കുന്ന മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുക്കുന്നതിന് വേണ്ട സഹായം നൽകുന്നു. |
| (സി) | ഐ.ക്യു. 70നും 84 നും ഇടയിൽ വരുന്ന ഗ്രഹണശേഷിക്കുറവുള്ള കുട്ടികൾ/ബോർഡർലൈൻ ഇന്റലിജന്റ് എന്ന വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കു കൂടി പ്രത്യേകപരിഗണന നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കുട്ടികളെ കണ്ടെത്തി വേണ്ടത്ര പരിഗണന നൽകുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (സി) | ബോർഡർ ലൈൻ ഇന്റലിജൻസ് വിഭാഗത്തിൽ പെടുന്ന കുട്ടികൾക്ക് അവശ്യം വേണ്ട പഠനപിന്തുണാ സംവിധാനം നൽകി വരുന്നു. നിലവിൽ ഈ വിഭാഗക്കാർക്ക് എസ്.എസ്.എൽ.സി പരീക്ഷക്ക് അധിക സമയം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ